# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 105

05.03.2018-ൽ മറുപടിക്ക്

## അംഗീകാരമില്ലാത്ത സ്കൂളുകളിലെ വിദ്യാർത്ഥികളുടെ തുടർ വിദ്യാഭ്യാസം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്<br>ശ്രീ. കെ.എം. ഷാജി<br>ശ്രീ. അബ്ദുൽ ഹമീദ്.പി.<br>ശ്രീ. സി. മമ്മൂട്ടി | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അംഗീകാരമില്ലാതെ (എ) പ്രവർത്തിക്കുന്ന സ്കൂളുകൾ പൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | കേന്ദ്ര സർക്കാരിന്റെ 2009 – ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം, 2011 – ലെ വിദ്യാഭ്യാസ അവകാശ ചട്ടം എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 16.03.2016 – ലെ CRMP No.4426/05/LA1/2015/KeSCPCR നമ്പർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചു പൂട്ടുന്നത് സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിൻ പ്രകാരം സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ 2018 – 19 അദ്ധ്യയന വർഷം മുതൽ അടച്ചുപൂട്ടുന്നതിന് സർക്കാർ തീരുമാനിക്കുകയും, ഇതു നടപ്പിലാക്കുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് 19.07.2017 – ലെ GEDN-F1/27/2017-GEDN നമ്പർ കത്ത് പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ തുടർവിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സമീപ പ്രദേശത്തുള്ള സർക്കാർ/എയ്ഡഡ്/ അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം തേടാവുന്നതാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിലേക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കുവാൻ അവ ഹൈടെക്കാക്കുവാനും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുവാനുമുള്ള നടപടി ക്രമങ്ങൾ സർക്കാർ സ്വീകരിച്ചു വരുന്നു. |
| (സി) | സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡ-ങ്ങൾ പാലിക്കാൻ തയ്യാറാകുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ? | (സി) | പൊതു വിദ്യാഭ്യാസ (സർക്കാർ/എയ്ഡഡ്) സംരക്ഷണമാണ് സർക്കാർ നയമെന്നതിനാൽ അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

Hema.V

സെക്ഷൻ ഓഫീസർ